compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 05
**Tuesday, 05th May 2026**

**1201 മേടം 22**
**22nd Medam 1201**

**1948 വൈശാഖം 15**
**15th Vaisakha 1948**

വാല്യം 15
**Vol. XV**

നമ്പർ **18**
**No.**

## Part III

## Agriculture Development and Farmers Welfare

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ ബി 275/26. 2026 ഏപ്രിൽ 24.

ജില്ലാ കൃഷി ഫാം അഞ്ചലിൽ 2026-2027 വർഷത്തിൽ കശുമാവ് തോട്ടത്തിലെ കാട് നീക്കം ചെയ്യുന്നതിനായി ഏകദേശം 600 മണിക്കൂർ ചെയിൻ എക്സ്കവേറ്ററിന്റെ സേവനം ലഭ്യമാക്കുന്നതിനായുള്ള മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

അടങ്കൽ തുക—₹ 5,00,000.

നിരതദ്രവ്യം—₹ 12,500.

ദർഘാസ് ഫാറത്തിന്റെ വില—₹ 1,000 + ജി.എസ്.ടി.

ദർഘാസ് ഫാറം ലഭിക്കുന്ന അവസാന തീയതിയും സമയവും—26-5-2026, 11 മണിവരെ.

ദർഘാസ് ഫാറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—26-5-2026, 11.30 മണിവരെ.

ദർഘാസ് ഫാറം തുറക്കുന്ന തീയതിയും സമയവും—26-5-2026, 12.00 മണി.

**നിബന്ധനകൾ**

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 1 മണിക്കൂർ ചെയിൻ എക്സ്കവേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി, സീൽ ചെയ്ത ടെണ്ടറുകൾ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിശ്ചയിക്കപ്പെട്ട സമയത്തിനു മുൻപായി സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, അഞ്ചൽ എന്ന വിലാസത്തിൽ ഫാം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിനു മുകളിൽ 600 മണിക്കൂർ ചെയിൻ എക്സ്കവേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ദർഘാസ് ഫോറത്തിൽ തന്നിരിക്കുന്ന കരാർ ₹ 200-ന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ദർഘാസിനോടൊപ്പം സമർപ്പിക്കണം.
3. ടെണ്ടർ തുകകൾ അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ടെണ്ടർ നൽകുന്ന വ്യക്തിയുടെ വിലാസം, പിൻകോഡ്, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.
4. ടെണ്ടറിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
5. ദർഘാസുകൾ കൃത്യസമയത്തുതന്നെ അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ ടെണ്ടർ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ മടക്കി നൽകുന്നതുമാണ്.
6. ടെണ്ടർ നടപടികൾ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അന്തിമ അംഗീകാരത്തിന് വിധേയമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ 5 മണിവരെയുള്ള സമയത്ത് ഫാം ഓഫീസർമാരുടെ സാന്നിധ്യത്തിൽ മാത്രമേ ഫാമിൽ പ്രവർത്തനം നടത്താൻ അനുവാദം ഉണ്ടായിരിക്കുകയുള്ളു.

8. ആദ്യ കരാറുകാരന്റെ വീഴ്ചകൊണ്ട് പുനർ ദർഘാസ് നടത്തേണ്ടി വന്നാൽ സർക്കാരിനുള്ള നഷ്ടം റവന്യൂ റിക്കവറി നിയമപ്രകാരം ആദ്യ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്. ലാഭമാണ് ഉണ്ടാകുന്നതെങ്കിൽ ആദ്യ കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

9. ടെണ്ടർ നടപടികൾ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

10. നിശ്ചിത ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം, തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെണ്ടർ നടത്തുന്നതാണ്. ടെണ്ടർ സംബന്ധിച്ച് നിലവിലുള്ളതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും.

11. ഇതേപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാം ആഫീസിൽ നിന്ന് നേരിട്ടോ, ടെലഫോണിലൂടെയോ അറിയാവുന്നതാണ്.

ജില്ലാ കൃഷി ഫാം സൂപ്രണ്ടിന്റെ കാര്യാലയം, (ഒപ്പ്)
അഞ്ചൽ, കോട്ടുക്കൽ പി.ഒ. സൂപ്രണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ ബി 271/2026. 2026 ഏപ്രിൽ 20.

അഞ്ചൽ ജില്ലാ കൃഷി ഫാമിലെ കായ്ഫലമുള്ള ഏകദേശം 1800 തെങ്ങുകളിൽ നിന്ന് 2026-27 സാമ്പത്തിക വർഷത്തിൽ നാളികേരം ഇട്ടുനൽകുന്ന പ്രവൃത്തിയ്ക്കായി നിബന്ധനകൾക്കു വിധേയമായി ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

അടങ്കൽ തുക—₹ 3,00,000.

നിരതദ്രവ്യം—₹ 7,500.

ടെണ്ടർ ഫാറത്തിന്റെ വില—₹ 600 + ജി.എസ്.ടി.

ടെണ്ടർ ഫാറം ലഭിക്കുന്ന അവസാന തീയതിയും സമയവും—22-5-2026, 11 മണിവരെ.

ടെണ്ടർ ഫാറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—22-5-2026, 11.30 മണിവരെ.

ടെണ്ടർ ഫാറം തുറക്കുന്ന തീയതിയും സമയവും—22-5-2026, 12 മണി.

**നിബന്ധനകൾ**

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ 2026-27 കാലയളവിൽ ഒരു തെങ്ങിൽ നിന്ന് നാളികേരം ഇടീൽ നടത്തുന്നതിന് പരമാവധി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 25x12 cm വലിപ്പമുള്ള കവറിനുള്ളിൽ സീൽ ചെയ്ത ടെണ്ടറുകൾ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിശ്ചയിക്കപ്പെട്ട സമയത്തിനു മുൻപായി സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, അഞ്ചൽ എന്ന വിലാസത്തിൽ ഫാം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിനു മുകളിൽ നാളികേരം ഇട്ടു തരുന്നതിനുള്ള ടെണ്ടർ 2026-27 എന്ന് രേഖപ്പെടുത്തണം.
2. ദർഘാസ് ഫോറത്തിൽ തന്നിരിക്കുന്ന കരാർ ₹ 200-ന്റെ മുദ്ര പത്രത്തിൽ തയ്യാറാക്കി ദർഘാസിനോടൊപ്പം സമർപ്പിക്കണം.
3. ടെണ്ടർ തുകകൾ അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ടെണ്ടർ നൽകുന്ന വ്യക്തിയുടെ വിലാസം, പിൻകോഡ്, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.
4. ടെണ്ടറിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
5. കൃത്യസമയത്തുതന്നെ അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ ടെണ്ടർ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ മടക്കി നൽകുന്നതുമാണ്.
6. ജില്ലാ പഞ്ചായത്തിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ സ്ഥിരപ്പെടുത്തുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ഫാമിൽ നിന്നും നിർദ്ദേശിക്കുന്ന സമയത്ത് സൂപ്രണ്ടിന്റെ അനുമതിയോടെ ഫാം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് തേങ്ങ ഇടീൽ നടത്തേണ്ടത്.
8. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ 5 മണിവരെയുള്ള സമയത്ത് ഫാം ഓഫീസർമാരുടെ സാന്നിധ്യത്തിൽ മാത്രമേ ഫാമിൽ പ്രവേശിക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുകയുള്ളു.
9. തെങ്ങിൽ കയറുന്നതിനാവശ്യമായ യന്ത്ര സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ സ്വന്തം ചെലവിൽ കൊണ്ട് വന്ന് ടി പ്രവൃത്തി ചെയ്യേണ്ടതാണ്.
10. വിളവെടുപ്പ് സമയത്ത് തെങ്ങുകൾക്കോ, ഫാമിലെ മറ്റ് കൃഷി, വസ്തുവകകൾ എന്നിവയ്ക്കോ യാതൊരു നാശനഷ്ടവും സംഭവിക്കാൻ പാടില്ല. അങ്ങനെ സംഭവിക്കുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന് ആയിരിക്കും.
11. ആദ്യ കരാറുകാരന്റെ വീഴ്ചകൊണ്ട് പുനർദർഘാസ് നടത്തേണ്ടി വന്നാൽ സർക്കാരിനുള്ള നഷ്ടം റവന്യൂ റിക്കവറി നിയമപ്രകാരം ആദ്യ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്. ലാഭമാണ് ഉണ്ടാകുന്നതെങ്കിൽ ആദ്യ കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.
12. ടെണ്ടർ നടപടികൾ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.
13. നിശ്ചിത ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം, തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെണ്ടർ നടത്തുന്നതാണ്. ടെണ്ടർ സംബന്ധിച്ച് നിലവിലുള്ളതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും.
14. ഇതേപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാം ആഫീസിൽ നിന്ന് നേരിട്ടോ, ടെലഫോണിലൂടെയോ അറിയാവുന്നതാണ്.

ജില്ലാ കൃഷി ഫാം സൂപ്രണ്ടിന്റെ കാര്യാലയം, (ഒപ്പ്)
അഞ്ചൽ, കോട്ടുക്കൽ പി.ഒ. സൂപ്രണ്ട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.05 03:36:03 +05:30